കെ.എസ്.ആർ.ടി.സി/കെ.എൽ.എസ്.ഡി.ബി/എസ്.എഫ്.സി.കെ/ഔഷധി തുടങ്ങിയ വിവിധ കമ്പനി/കോർപ്പറേഷൻ/ബോർഡുകളിലെ ജൂനിയർ അസിസ്റ്റൻറ്/അസിസ്റ്റൻറ് ഗ്രേഡ്.II/ എൽ.ഡി.സി തുടങ്ങിയ തസ്തികയ്ക്കായി 20.02.2015–ൽ പ്രസിദ്ധീകരിച്ച (കാറ്റഗറി നമ്പർ.490/11) 1/15/ROE നമ്പർ സാദ്ധ്യതാപട്ടികയിലുൾപ്പെട്ട മുഴുവൻ ഉദ്യോഗാർത്ഥികളുടേയും അസ്സൽ പ്രമാണ പരിശോധന ഏപ്രിൽ 20 മുതൽ ആസ്ഥാന ആഫീസ്/ഇടുക്കി ജില്ലാ ആഫീസ്/കോഴിക്കോട്, എറണാകുളം മേഖലാ ആഫീസുകൾ എന്നിവിടങ്ങളിൽ വച്ച് നടത്തുന്നതാണ്. ഉദ്യോഗാർത്ഥികൾക്ക് വ്യക്തിഗത മെമ്മോ അയയ്ക്കുന്നതല്ല. സമയവിവരപ്പട്ടിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടുന്ന പ്രമാണങ്ങൾ ചുവടെ ചേർക്കുന്നു.

1)കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള 15 തിരിച്ചറിയൽ രേഖകളിൽ ഏതെങ്കിലും ഒന്നിൻെറ അസ്സലും കോപ്പിയും.
2)ആറുമാസത്തിനകം എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ
3)ജനനത്തീയതി തെളിയിക്കുന്നതിനുള്ള രേഖയും കോപ്പിയും (എസ്.എസ്.എൽ.സിയുടെ ബന്ധപ്പെട്ട പേജ്)
4) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച ബി.എ/ബി.എസ്.സി/ബികോം ബിരുദം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും മാർക്കുലിസ്റ്റും (കോപ്പി സഹിതം)
5) ജാതി സംവരണത്തിന് അർഹതയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ തഹസീൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിൻെറ അസ്സലും 2 പകർപ്പുകളും
6) സംവരണാനുകൂല്യത്തിന് അർഹതയുള്ള മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 26.09.2009–ലെ 81/09/SC/ST DD എന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ളതോ അതിനു ശേഷമുള്ളതോ ആയ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിൻെറ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും
7) അപേക്ഷയിൽ ഭിന്നശേഷി അവകാശപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ **Standing Disabilities Assessment Board** നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
8) താങ്കൾ ടി തസ്തികയ്ക്കായി അപേക്ഷ സമർപ്പിക്കുന്ന സമയത്ത് കേരള ഗവണ്മെൻറിൻെറ കീഴിൽ സേവനമനുഷ്ഠിക്കുന്ന വ്യക്തിയാണെങ്കിൽ ഗസറ്റു വിജ്ഞാപനപ്രകാരം നിഷ്കർഷിക്കുന്ന രസീത് നിശ്ചിത മാതൃകയിൽ ആഫീസ് മേലധികാരിയിൽ നിന്ന് വാങ്ങിയതിൻെറ അസ്സൽ; കേന്ദ്ര ഗവണ്മെൻറ് സർവ്വീസിലോ, മറ്റ് സംസ്ഥാന ഗവണ്മെൻറ് സർവ്വീസിലോ ജോലിയിലിരിക്കുകയാണെങ്കിൽ ബന്ധപ്പെട്ട മേലധികാരിയിൽ നിന്നുള്ള അനുമതി പത്രം
9) അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള മറ്റ് ആനുകൂല്യങ്ങൾ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ അസ്സലും ശരിപ്പകർപ്പും (ഗസറ്റ് വിജ്ഞാപനം ശ്രദ്ധിക്കുക)

കുറിപ്പ്: കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിലെ ജൂനിയർ അസിസ്റ്റൻറ്, കേരള ഇലക്ട്രിക്കൽ ആൻറ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി

ലിമിറ്റഡിലെ ജൂനിയർ അസിസ്റ്റൻറ്, യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജൂനിയർ അസിസ്റ്റൻറ്, കേരള ഷിപ്പിംഗ് ആൻറ് ഇൻലാൻറ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിലെ ക്ലർക്ക് എന്നീ തസ്തികകളിലേയ്ക്ക് നിയമനം ആഗ്രഹിക്കുന്നവർ സമ്മതപത്രം സർട്ടിഫിക്കറ്റ് പരിശോധനാ സമയത്ത് രേഖാമൂലം നൽകേണ്ടതാണ്. ടി സ്ഥാപനങ്ങളിലേയ്ക്ക് നൽകിയ സമ്മതപത്രം പിൻവലിക്കുവാനോ മാറ്റം വരുത്തുവാനോ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

സമ്മതപത്രം താഴെ കാണിച്ചിരിക്കുന്ന നിർദ്ദിഷ്ട ഫോറത്തിൽ പൂരിപ്പിച്ച് സർട്ടിഫിക്കറ്റ് പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്.

## സമ്മതപത്രം

കെ.എസ്.ആർ.ടി.സി/കെ.എൽ.എസ്.ഡി.ബി/എസ്.എഫ്.സി.കെ/ഔഷധി തുടങ്ങിയ വിവിധ കമ്പനി/കോർപ്പറേഷൻ/ബോർഡുകളിലെ ജൂനിയർ അസിസ്റ്റൻറ്/അസിസ്റ്റൻറ് ഗ്രേഡ്.II/ എൽ.ഡി.സി തുടങ്ങിയ തസ്തികയ്ക്കായി (കാറ്റഗറി നമ്പർ.490/11) പ്രസിദ്ധീകരിക്കുന്ന റാങ്ക്പട്ടികയിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങളിലെ തസ്തികയിലേയ്ക്ക് എനിക്ക് നിയമനശിപാർശ നൽകുന്നതിന് സമ്മതമാണ്/സമ്മതമല്ല.

1. **കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിലെ ജൂനിയർ അസിസ്റ്റൻറ് - സമ്മതമാണ്/സമ്മതമല്ല**

2. **കേരള ഇലക്ട്രിക്കൽ ആൻറ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിലെ ജൂനിയർ അസിസ്റ്റൻറ് - സമ്മതമാണ്/സമ്മതമല്ല**

3. **യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജൂനിയർ അസിസ്റ്റൻറ് - സമ്മതമാണ്/സമ്മതമല്ല**

4. **കേരള ഷിപ്പിംഗ് ആൻറ് ഇൻലാൻറ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിലെ ക്ലർക്ക് - സമ്മതമാണ്/സമ്മതമല്ല**

ഉദ്യോഗാർത്ഥിയുടെ ഒപ്പ്:

പേര്:

രജിസ്റ്റർ നമ്പർ: